പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3928

20.07.2015 -ൽ മറുപടിക്ക്.

## പാചകവാതക വിതരണ ചട്ടങ്ങൾ

| ചോദ്യം<br>**ശ്രീ. കെ. സുരേഷ് കുറുപ്പ് :** | മറുപടി<br>**ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും പൊതു വിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) പാചകവാതക വിതരണം സംബന്ധിച്ചുള്ള ചട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; വിതരണ ഏജൻസികൾ ഈ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ടോ ; | (എ) 2000 ത്തിലെ എൽപിജി (റഗുലേഷൻ ഓഫ് സപ്ലൈ ആന്റ് ഡിസ്ട്രിബ്യൂഷൻ) ഓർഡർ പ്രകാരമാണ് പാചക വാതക വിതരണം നടത്തപ്പെടുന്നത്. എണ്ണക്കമ്പനി ഉദ്യോഗസ്ഥരും ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ ഉദ്യോഗസ്ഥരും വിതരണ ഏജൻസികളിൽ പരിശോധന നടത്തി ചട്ടങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നുണ്ട്. |
| (ബി) സുരക്ഷയുടെ ഭാഗമായി ഏജൻസി പ്രത്യേക വാഹനങ്ങളിൽ സിലിണ്ടറുകൾ ഉപഭോക്താക്കൾക്ക് എത്തിയ്ക്കുന്നുണ്ടോ; | (ബി) ഉണ്ട് എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| (സി) തിരുവനന്തപുരത്ത് ശ്രീകാര്യത്തുള്ള ശ്രീലക്ഷ്മി ഗ്യാസ് ഏജൻസി സുരക്ഷാ സംവിധാനമനുസരിച്ച് വാഹനങ്ങളിൽ ഗ്യാസ് വിതരണം നടത്താതെ ഉപഭോക്താക്കൾ സ്വകാര്യവാഹനങ്ങളിൽ ഗ്യാസ് കൊണ്ടുപോകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; വേണ്ടത്ര തൊഴിലാളികളോ സുരക്ഷാസംവിധാനങ്ങളോ ഇല്ലാതെ പ്രവർത്തിക്കുന്ന പ്രസ്തുത ഗ്യാസ് ഏജൻസിയുടെ മേൽ നടപടി സ്വീകരിക്കുമോ ? | (സി) ശ്രീലക്ഷ്മി ഗ്യാസ് ഏജൻസിയിലെ ഗ്യാസ് വിതരണ തൊഴിലാളികളുടെ സമരം മൂലം ഗ്യാസ് വിതരണം മുടങ്ങിയതിനാൽ ടി പ്രതിസന്ധി പരിഹരിക്കുന്നതിനും ഉപഭോക്താക്കളുടെ ബുദ്ധിമുട്ട് താൽകാലികമായി പരിഹരിക്കുന്നതിനും രണ്ടാഴ്ചത്തേക്ക് ക്യാഷ് & ക്യാരി സിസ്റ്റം ജില്ലാ കളക്ടർ അനുവദിച്ചിരുന്നു. സുരക്ഷാ സംവിധാനങ്ങൾ ഇല്ലാതെ പ്രവർത്തിച്ചാൽ ഗ്യാസ് ഏജൻസിക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ കഴക്കൂട്ടം, ശ്രീകാര്യം മേഖലയിലെ ഉപഭോക്താക്കളെ അടുത്തുള്ള ഏജൻസിയിലേക്ക് മാറ്റി ഉപഭോക്താക്കളുടെ വീടുകളിൽ ഗ്യാസ് വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഗ്യാസ് വിതരണം എത്രയും വേഗം സാധാരണ നിലയിൽ എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ ബി.പി.സി.എൽ ഏജൻസിക്ക് നിർദ്ദേശം നല്കിയിട്ടുണ്ട് എന്നും നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ ഏജൻസിക്കെതിരെ നടപടികൾ സ്വീകരിക്കുമെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ